# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2993** **21/06/2013**-ൽ മറുപടിക്ക്

<u>സാംസ്കാരിക വകുപ്പിന് വിട്ടുകിട്ടിയ കെട്ടിടങ്ങൾ</u>

<u>ചോദ്യം</u>

ശ്രീമതി കെ.കെ. ലതിക

<u>ഉത്തരം</u>

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സാംസ്കാരിക വകുപ്പിന് എത്ര കെട്ടിടങ്ങൾ സ്വകാര്യ വ്യക്തികളിൽ നിന്നും മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും വിട്ടുകിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച കെട്ടിടങ്ങളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. ആയതിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച കെട്ടിടങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കുറ്റ്യാടിയിലെ പഴയ രജിസ്ട്രാർ ഓഫീസ് കെട്ടിടം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി എന്നും വ്യക്തമാക്കുമോ ; | (ബി) | കുറ്റ്യാടിയിലെ പഴയ രജിസ്ട്രാർ ഓഫീസ് കെട്ടിടം സംരക്ഷിത സ്മാരകമാക്കികൊണ്ട് 30/3/2013 - ലെ സർക്കാർ ഉത്തരവ് (പി) നം.22/2013/സാം.കാ.വ. പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഏറ്റെടുത്ത കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ? | (സി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പുനരുദ്ധാരണ പണികൾക്കായി തുകയൊന്നും പുരാവസ്തുവകുപ്പ് ചെലവഴിച്ചിട്ടില്ല. കെട്ടിടങ്ങളുടെ സംരക്ഷണപ്പണികൾ അവയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ആണ് നടത്താറുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ചെങ്ങന്നൂർ ശ്രീ കുമാരമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം
2. ചെങ്ങന്നൂർ, മാന്നാർ തൃക്കുരട്ടി മഹാദേവ ക്ഷേത്രം
3. ചേർത്തല വാരനാട് നടുവിലെ കോവിലകം
4. സെന്റ് റാഫേൽ ചർച്ച് (എഴുപുന്ന, ചേർത്തല)
5. മീനച്ചിൽ സെന്റ് മേരീസ് ആന്റ് സെന്റ് അഗസ്റ്റിൻ ചർച്ച്
6. ഊരമന ശ്രീധർമ്മ ശാസ്താക്ഷേത്രം, മൂവാറ്റുപുഴ.
7. കണയന്നൂർ തെക്കും ഭാഗം സിനഗോഗ്
8. സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കൊച്ചി
9. കൊടുങ്ങല്ലൂർ മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബ് ജന്മഗൃഹം
10. ഒറ്റപ്പാലം തിരുമിറ്റക്കോട് അഞ്ചുമൂർത്തി ക്ഷേത്രം
11. പെരുന്തൽമണ്ണ പാതായിക്കര ഇരവി മംഗലം ശ്രീ. സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം
12. വില്യം ജോൺ ഡങ്കൺ റൗളേയുടെ ശവകുടീരം, തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസ്, താലൂക്ക് ഓഫീസ്
13. തിരൂർ, തൃപ്രങ്ങോട് മഹാശിവ ക്ഷേത്രം
14. വടകര ലോകനാർകാവ് ഭഗവതി ക്ഷേത്രം
15. കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ്, കോഴിക്കോട്
16. ഉദിനൂർ ക്ഷേത്ര പാലക ക്ഷേത്ര കൊട്ടാരം

(signature)

സെക്ഷൻ ഓഫീസർ